# ഗൗരി

മോളെ!  ഗൗരി മരിച്ചുപോയിന്നലെ,
എന്നേക്കുമായവൾ കടന്നുപോയി;
അമ്മതൻ കത്തിലെ വാചകം വായിച്ചു,
ഞാനങ്ങിരുന്നു ഉറങ്ങുപോയി.

എന്നാർദ്രമാം ഗതകാല സ്മരണകൾ,
പിച്ചവെച്ചെന്റെ മുമ്പിൽ തുള്ളിനിന്നു;
പിന്നെയെൻ നെഞ്ചിലെ കാർമേഘ പാളികൾ
കണ്ണുനീർ മുത്തുകളായടർന്നുവീണു.

ചിന്തകൾ കടിഞ്ഞാണില്ലാത്തശ്വമായ്,
പിറകോട്ടു പാഞ്ഞുപോയെൻ-
ബാല്യത്തിന്നോരെത്തെത്തി നിൽക്കവേ,
കുട്ടിയുടുപ്പിട്ടൊരു കുട്ടിയായ് മാറിഞാൻ.

കൈകൊണ്ട് വായ് പൊത്തിച്ചിരിച്ച്,
കണ്ണിറുക്കി കൈകാട്ടി വിളിക്കുന്നൊരെൻ-
ഗൗരിയമ്മതൻ രൂപം തെളിഞ്ഞുവന്നൂ,
മനസ്സിന്റെ നാലുകെട്ടിൽ തങ്ങിനിന്നൂ.

ആയിരം വട്ടം അലക്കി പിഞ്ചിയ ജമ്പറും,
കറപിടിച്ച് ചെളിപുരണ്ടൊരാ കൈലിയും;
പിറകോട്ടു ചീകിവെച്ച ചുരുണ്ടിരുണ്ട കൂന്തലും,
മൂകമായ് ചലിക്കുന്ന കാൽകളും.

കണ്ണീർ ചാലുകൾ തീർത്തൊരാ കൺതടങ്ങളും,
നനവ് വറ്റി വരണ്ടുപോയോരാ ചുണ്ടുകളും,
ഇടയ്ക്കിടെ ഊർന്നു വീഴുന്ന നിശ്വാസങ്ങളും,
വിളിച്ചോതി യൗവ്വനത്തിൽ വിധിതീർത്ത വൈധവ്യം.

കാലം തീർത്ത വാഞ്ചികതടവറയിൽ,
വ്യർത്ഥമോഹങ്ങൾ തുളച്ചുനിർത്തീടവേ-
അത്താണി കാണാതുഴറിനടന്നു;
നാളെയെന്ന മാറാപ്പുമേന്തി നീങ്ങിയവൾ.



രാപകലില്ലാതദ്ധ്വാനിച്ചു തളർന്നവൾ,
വിശന്നുകരയുന്ന പിഞ്ചുമക്കളെപ്പോറ്റുവാൻ,
ആ ശരപഞ്ചരത്തിനുള്ളിൽ ജ്വലിച്ചുനിന്നൂ-
വിശുദ്ധി തൻ കേദാരമായ തപസ്വിനി.

മഴയും, വേനലും ഋതുക്കൾ വന്നുപോയ്,
കാലം തിരശ്ശീലമാറ്റി കടന്നുപോയ്,
ഗൗരി തൻ മക്കൾക്കു മക്കളായി,
അവർ തൻ ജീവിതം ധന്യമായി.

വൃദ്ധയാം ഗൗരിയോ ശല്യമായി,
സംസ്കാര സമ്പന്നർക്കധമയായി,
അഗതി മന്ദിരത്തിൽ അഗതിയായി,
സ്വന്ത രക്തത്തിന്നന്യയായി.

അനശ്വരയായവൾ പൊലിഞ്ഞുപോയിന്നലെ,
മാലാഖയായി പറന്നുപോയി;
കെടുത്തുകില്ലാ ദീപമെന്റെ ഹൃത്തിൽ ഒരിക്കലും,
അണയ്ക്കുകില്ലാ ദിവ്യനാളം മരണം വരെയും
എൻ മരണം വരെയും.

പുഴുക്കുത്തേറ്റു വാടിക്കൊഴിഞ്ഞു വീണൊരാ പഴുത്തില,
കണ്ടു ചിരിക്കുന്നുവോ തളിർത്ത കൂമ്പുകൾ;
ഓർക്കുക, നാളെ നിങ്ങളും കൊഴിഞ്ഞുപോകും,
ഉണങ്ങിക്കരിഞ്ഞു നിലത്തു വീഴും.